# പതിനാലാം കേരള നിയമസഭ
## പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *233 07/12/2018-ലെ മറുപടി

**ഡാമുകൾക്കുള്ള എമർജൻസി ആക്ഷൻ പ്ലാൻ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. എ.പി. അനിൽകുമാർ | ശ്രീ. കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവവകുപ്പ് മന്ത്രി) |
| എ) കേരളത്തിലെ എല്ലാ ഡാമുകൾക്കും നാഷണൽ കമ്മിറ്റി ഓൺ ഡാം സേഫ്റ്റി (എൻ.സി.ഡി.എസ്) നിഷ്കർഷിക്കുന്ന എമർജൻസി ആക്ഷൻ പ്ലാൻ (ഇ.എ.പി) ഉണ്ടാക്കിയിട്ടുണ്ടോ ; | എ സംസ്ഥാനത്തെ ജലസേചന വകുപ്പിന് കീഴിലുള്ള 11 അണക്കെട്ടുകൾക്കും ഒരു ബാരേജിനും എൻ.സി.ഡി.എസ് നിഷ്കർഷിക്കുന്ന കരട് എമർജൻസി ആക്ഷൻ പ്ലാൻ (ഇ.എ.പി) തയ്യാറാക്കിയിട്ടുണ്ട്. |
| ബി)എൻ.സി.ഡി.എസ്-2016 ൽ പുറത്തിറക്കിയ ഇ.എ.പി മാനദണ്ഡങ്ങൾ കേരളത്തിലെ ഡാമുകൾക്ക് ഉണ്ടാക്കാതിരിക്കാനുള്ള കാരണങ്ങൾ വിശദമാക്കാമോ ; | ബി എൻ.സി.ഡി.എസ് മാനദണ്ഡങ്ങൾക്കനുസരിച്ചാണ് ജലസേചന വകുപ്പിന്റെ കീഴിലുള്ള ഡാമുകൾക്ക് ഇ.എ.പി തയ്യാറാക്കുന്നത്. |
| സി) 2017 സി.എ.ജി റിപ്പോർട്ടിൽ ഇ.എ.പി ഉണ്ടാക്കാത്തതിനെ വിമർശിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സി ഉണ്ട് |
| ഡി) സി. എ.ജി റിപ്പോർട്ടിലെ പ്രസ്തുത പരാമർശങ്ങൾ സർക്കാർ അവഗണിക്കാനുണ്ടായ സാഹചര്യം വെളിപ്പെടുത്തുമോ ? | ഡി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ജലകമ്മീഷന്റെ നിർദ്ദേശമനുസരിച്ച് ഇ.എ.പി തയ്യാറാക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിരുന്നു. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ വരുന്ന 20 ഡാം / ബാരിയേജുകളിൽ, പതിനൊന്ന് |

ഡാമുകളുടെയും ഒരു ബാരേജിന്റെയും ഇനൻഡേഷൻ മാപ്പ് ഉപയോഗിച്ച് ഇവയുടെ കരട് ഇ.എ.പി തയ്യാറാക്കി 2018 ഏപ്രിലിൽ കേന്ദ്ര ജലകമ്മീഷനിൽ സമർപ്പിച്ചിരുന്നു. കേന്ദ്ര ജലകമ്മീഷന്റെ നിർദ്ദേശമനുസരിച്ച് ഇ.എ.പിയിൽ വേണ്ട മാറ്റങ്ങൾ വരുത്താൻ അതാത് ഡാം എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ബാക്കി വരുന്ന ഡാമുകളുടെ ഇനൻഡേഷൻ മാപ്പ് , (പ്രളയബാധിത പ്രദേശം സൂചിപ്പിക്കുന്ന മാപ്പ്) കേന്ദ്ര ജലകമ്മീഷനിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് ഇ.എ.പി തയ്യാറാക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**